"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പ്ലാനിംഗ് വിഭാഗം - ജീവനക്കാര്യം - ഡെപ്യൂട്ടി ടൗൺ പ്ലാനർമാരുടെ സ്ഥലംമാറ്റം - നിയമനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1401/2022/LSGD **തീയതി,തിരുവനന്തപുരം,** 06-06-2022

പരാമർശം:-

1. ഡെപ്യൂട്ടി ടൗൺ പ്ലാനർ ശ്രീമതി. ബിജി.ആർ-ന്റെ. 31.03.2022 തിയതിയിലെ അപേക്ഷ.
2. ഡെപ്യൂട്ടി ടൗൺ പ്ലാനർ ശ്രീമതി.ജിജി എബ്രഹാമിന്റെ 01.04.2022 തിയതിയിലെ അപേക്ഷ.
3. മുഖ്യ നഗരാസൂത്രകന്റെ 27.04.2022 തീയതിയിലെ TCPCTP/858/2022-A3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് വിഭാഗത്തിലെ പത്തനംതിട്ട ജില്ലാ നഗരാസൂത്രണ കാര്യാലയത്തിൽ നിന്നും കോട്ടയം ജില്ലാ നഗരാസൂത്രണ കാര്യാലയത്തിലെ നിലവിലെ ഒഴിവിലേക്ക് സ്ഥലംമാറ്റത്തിനുള്ള ഡെപ്യൂട്ടി ടൗൺ പ്ലാനർ ശ്രീമതി.ജിജി എബ്രഹാമിന്റെ പരാമർശം (2) പ്രകാരമുള്ള അപേക്ഷയും, വിജിലൻസ് വിഭാഗത്തിൽ നിന്നും കൊല്ലം ജില്ലാ നഗരാസൂത്രണ കാര്യാലയത്തിലെ നിലവിലെ ഒഴിവിലേക്ക് സ്ഥലംമാറ്റത്തിനുള്ള ഡെപ്യൂട്ടി ടൗൺ പ്ലാനർ ശ്രീമതി. ബിജി.ആർ-ന്റെ പരാമർശം (1) പ്രകാരമുള്ള അപേക്ഷയും മുഖ്യ നഗരാസൂത്രകൻ ശിപാർശ ചെയ്ത് പരാമർശം (3) പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡെപ്യൂട്ടി ടൗൺ പ്ലാനർ ശ്രീമതി.ജിജി എബ്രഹാമിനെ പത്തനംതിട്ട ജില്ലാ നഗരാസൂത്രണ കാര്യാലയത്തിൽ നിന്നും കോട്ടയം ജില്ലാ നഗരാസൂത്രണ കാര്യാലയത്തിലെ നിലവിലുള്ള ഒഴിവിലേക്കും ഡെപ്യൂട്ടി ടൗൺ പ്ലാനർ ശ്രീമതി. ബിജി.ആർ-നെ വിജിലൻസ് വിഭാഗത്തിൽ നിന്നും കൊല്ലം ജില്ലാ നഗരാസൂത്രണ കാര്യാലയത്തിലെ നിലവിലുള്ള ഒഴിവിലേക്കും സ്ഥലംമാറ്റി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAISY PAUL
അണ്ടർ സെക്രട്ടറി

<u>പകർപ്പ്:</u>

മുഖ്യ നഗരാസൂത്രകൻ ,തിരുവനന്തപുരം

മുഖ്യ നഗരാസൂത്രകൻ( വിജിലൻസ്). തിരുവനന്തപുരം

ബന്ധപ്പെട്ട ജീവനക്കാർക്ക്(മുഖ്യ നഗരാസൂത്രകൻ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഇയു4/54/2022-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ